**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1297** **06.02.2020 ൽ മറുപടിയ്ക്ക്**

# വിദ്യാഭ്യാസ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |
| (എ) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും വിദ്യാഭ്യാസ ഡയറക്ടറേറ്റുകളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) അധ്യാപകരുടെ സേവന-ആനുകൂല്യങ്ങൾ സംബന്ധമായ അപേക്ഷകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഡി.ഡി. ഓഫീസുകളിലും ദീർഘകാലം വെച്ചു താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (ബി) വിദ്യാഭ്യാസ ഓഫീസുകളിൽ ഫയലുകളിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയലുകൾ തീർപ്പാക്കുവാൻ കൃത്യമായ ഇടവേളകളിൽ ഫയൽ അദാലത്തുകൾ നടത്തുന്നതിനും അദാലത്തുകളുടെ പുരോഗതി മൂന്നുമാസത്തിലൊരിക്കൽ ഡയറക്ടർ തലത്തിൽ പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ ഡയറക്ടറേറ്റിലും, ജില്ലാ ഓഫീസുകളിലും തപാലുകൾ/അപേക്ഷകൾ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനും, ലഭിച്ച എല്ലാ അപേക്ഷകളിലും തുടർനടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസുകളിലും എല്ലാവിധ കത്തിടപാടുകളും ഇ-മെയിൽ മുഖാന്തരം ആയിരിക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നല്കുകയും അതിനായി എല്ലാ ഓഫീസുകളിലെയും |

....2

സെക്ഷനുകൾക്കും, ഓഫീസർമാർക്കും gov.in ൽ അവസാനിക്കുന്ന ഔദ്യോഗിക മേൽവിലാസം തയ്യാറാക്കി നല്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ